പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3551. 17.10.2011-ൽ മറുപടിയ്ക്ക്

സർക്കാർ ആശുപത്രികളിൽ മരുന്ന് ലഭ്യമാക്കുന്നതിന് നിലവിലെ സമ്പ്രദായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ.<br>ശ്രീ. പി രാമകൃഷ്ണൻ.<br>ശ്രീ. രാജു എബ്രഹാം.<br>ശ്രീമതി. കെ.കെ. ലതിക. | | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളിൽ മരുന്ന് ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് മുൻ വർഷങ്ങളിൽ നിലവിലുണ്ടായിരുന്ന സമ്പ്രദായം എന്തായിരുന്നുവെന്ന് പറയാമോ; | (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്ഥാപിതമാകുന്നതിന് മുൻപ് സെൻട്രൽ പർച്ചേസ് കമ്മിറ്റി മുഖേനയാണ് മരുന്ന് സംഭരിച്ച് വിതരണം ചെയ്തു വന്നിരുന്നത്. |
| (ബി) | സംസ്ഥാന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ഈ സാമ്പത്തിക വർഷാരംഭം മുതൽ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികളിൽ കാലതാമസമുണ്ടായിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ അതിന്റെ വിശദാംശങ്ങളും കാലതാമസത്തിനുള്ള കാരണങ്ങളും വ്യക്തമാക്കാമോ; | (സി) | ടെൻഡർ നടപടികളിലുണ്ടായ കാലതാമസമാണ് സംസ്ഥാനത്തെ ആശുപത്രികളിൽ മരുന്നുകൾ ലഭ്യമാക്കാൻ കാലതാമസം അനുഭവപ്പെടാൻ ഉണ്ടായ കാരണം. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഈ വർഷത്തെ ടെൻഡർ നടപടികൾ ആരംഭിച്ചത്. 31.12.10-ലാണ് കമ്പനികൾ ടെൻഡർ രേഖകൾ നൽകേണ്ടിയിരുന്ന: അവസാന തീയതി 3.2.2011 ആണ്. ഇതിന്റെ പരിശോധനാഫലം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത് 28.2.2011 ലാണ്. ടെൻഡർ നടപടികൾ പൂർത്തിയാക്കാൻ കുറഞ്ഞത് നാലുമാസക്കാലമെങ്കിലും വേണ്ടി വരും. ഇതു കഴിഞ്ഞാലുടനെ വിദഗ്ധസമിതിയെക്കൊണ്ട് പരിശോധിപ്പിച്ച് ലഭിച്ചിട്ടുള്ള പരാതികളും മറ്റും തീർപ്പാക്കി ഏപ്രിൽമാസം നടക്കേണ്ടിയിരുന്ന ഫാക്ടറി ഇൻസ്പെക്ഷൻ പൂർത്തീകരിച്ചത് ജൂൺമാസത്തിലാണ്. അതിനുശേഷം ഹൈക്കോടതിയിൽ ഇതോടനുബന്ധിച്ച് നാല് കമ്പനികൾ കേസ് |

കൊടുക്കുകയും, പ്രസ്തുത കേസുകൾ തീർപ്പാക്കി ആഗസ്റ്റ് മാസത്തിലാണ് പ്രൈസ്ബിഡ് ഓപ്പൺ ചെയ്യാൻ സാധിച്ചത്. ഇക്കാരണങ്ങളാലാണ് കൃത്യസമയത്ത് ടെൻഡർ നടപടികൾ പൂർത്തീകരിക്കാൻ കഴിയാതെ വന്നത്.

(ഡി) ആശുപത്രികളിൽ ലോക്കൽ പർച്ചേസ് വഴി മരുന്നു വാങ്ങാൻ അനുവാദം നൽകുവാനുണ്ടായ സാഹചര്യമെന്താണ്;

(ഡി) ആശുപത്രികൾക്കാവശ്യമായ അവശ്യ മരുന്നുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള മരുന്നുകളും ചികിത്സാ സാമഗ്രികളും ആശുപത്രികളുടെ വാർഷിക ഇൻഡന്റുകളുടെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആവശ്യാനുസരണം വാങ്ങി ജില്ലാ വെയർ ഹൗസുകൾ വഴി വിതരണം ചെയ്തു വരുന്നു. മെഡിക്കൽകോളേജ് ആശുപത്രികളിലെ ഇൻഡന്റു പ്രകാരമുള്ള മരുന്നുകൾ ആശുപത്രിയുടെ ഉപയോഗത്തിന് മതിയാകാതെ വരികയാണെങ്കിൽ അടിയന്തിരമായി അവയുടെ ലോക്കൽ പർച്ചേസിനാവശ്യമായ നോൺ-അവയബിലിറ്റി സർട്ടിഫിക്കറ്റ് (NAC) കോർപ്പറേഷൻ നൽകുന്നു.

(ഇ) ഈ സർക്കാർ അധികാരമേറ്റശേഷം ഇന്നേവരെ ലോക്കൽ പർച്ചേസ് വഴി വാങ്ങിയ മരുന്നുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഇ) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 26,45,250 രൂപയുടെ ലോക്കൽ പർച്ചേസ് നടത്തിയിട്ടുണ്ട്. തൃശ്ശൂർ നെഞ്ചുരോഗാശുപത്രിയിൽ BPL,Unknown എന്നീ വിഭാഗം രോഗികൾക്കായി 21,816 രൂപയുടെ ലോക്കൽ പർച്ചേസ് നടത്തിയിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ലഭ്യമാക്കാത്ത മരുന്നുകൾ ബി.പി.എൽ. കാർക്ക് നൽകാൻ 6,29,638 രൂപയുടെ ലോക്കൽ പർച്ചേസ് നടത്തിയിട്ടുണ്ട്. തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ 74,025 രൂപയുടെയും, തിരുവനന്തപുരം കണ്ണാശുപത്രിയിൽ 59,894.35 രൂപയുടെയും മരുന്നുകൾ ലോക്കൽ പർച്ചേസ് മുഖേന വാങ്ങിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ